# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1080 | 10.08.2017-ൽ മറുപടിയ്ക്ക് |

## തീരദേശപാതയുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. വി.എസ്.ശിവകുമാർ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം പൂവ്വാർ മുതൽ കാസർഗോഡ് ജില്ലയിലെ തലപ്പാടി വരെ നീളുന്ന തീരദേശപാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത റോഡിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; കിഫ്ബി യിൽ നിന്നും എന്ത് തുക ഈ വർഷം വകയിരുത്തിയിട്ടുണ്ട് എന്നറിയി ക്കാമോ; | (ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി 10.07.2017-ലെ സ.ഉ. (സാധാ) നം. .942/2017/പൊ.മ.വ പ്രകാരം KIIFB മുഖാന്തിരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിന് 6500 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) ഈ റോഡ് നിർമ്മാണം സംബന്ധിച്ച് എഞ്ചിനീയർമാരുടെയും, വകുപ്പ് മേധാവി കളുടെയും ശിൽപ്പശാല സംഘടിപ്പി ച്ചിരുന്നോ; പ്രസ്തുത ശിൽപ്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (സി) തീരദേശ പാതയുടെ നിർമ്മാണ ചുമതലയുള്ള എഞ്ചിനീയർമാരുടെ യോഗം ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ജൂലായ് മാസം 11, 12 തീയതികളിൽ നടത്തുകയും, തീരദേശ പാത സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജൂലായ് 18ന് ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള ശിൽപശാലയും നടത്തുകയുണ്ടായി. തീരദേശ പാത കടന്നു പോകുന്ന ഒൻപത് ജില്ലകളിലും ഈ സാമ്പത്തിക വർഷം തന്നെ പ്രവൃത്തികൾ തുടങ്ങണമെന്നും, അതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ അതിനനുസൃതമായി തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കണമെന്നും നിർദ്ദേശമുണ്ടായി. |

| | |
|---|---|
| (ഡി) എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും തീരദേശത്തെ മത്സ്യത്തൊഴിലാളികളിൽ എത്രപേരെ ഒഴിപ്പിക്കേണ്ടി വരുമെന്നും വ്യക്ത മാക്കുമോ; | (ഡി) വിശദമായ പഠന റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുമ്പോൾ മാത്രമേ ഇതു സംബന്ധിച്ച് കൃത്യമായ വിവരം അറിയുവാൻ കഴിയുകയുള്ളൂ. വീടുകളും വ്യാപാര സ്ഥാപനങ്ങളും ഒഴിവാക്കിക്കൊണ്ടും, ഭൂമിയെടുപ്പ് പരമാവധി കുറച്ചു കൊണ്ടുമുള്ള പാത വികസനമാണ് പരിഗണനയിലുള്ളത്. |
| (ഇ) തീരദേശത്തെ മത്സ്യത്തൊഴിലാളികളിൽ ഇതുമൂലം ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (ഇ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തു നടത്തുന്ന തീരദേശപാത നിർമ്മാണത്തിൽ ഇത്തരത്തിലുള്ള ആശങ്കകൾ ആരെങ്കിലും പ്രകടിപ്പിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ